# അക്കാദമിക്

## മാസ്റ്റർ പ്ലാൻ – 2025–2026




## മേമുണ്ട ഹയർ സെക്കണ്ടറി സ്കൂൾ

പി.ഒ. മേമുണ്ട, വടകര 673104, കോഴിക്കോട് ജില്ല

ഫോൺ: 0496 252 7465, 252 8965

vatakara16010@gmail.com

**1958** ൽ കേരളത്തിന്റെ ജനകീയ മന്ത്രിസഭയുടെ മുഖ്യമന്ത്രിയും ആധുനികകേരളത്തിന്റെ ശിൽപിയുമായ ശ്രീ. ഇ. എം എസ് നമ്പൂതിരിപ്പാട് ശിലാസ്ഥാപനം നടത്തി സമാരംഭിച്ച വിദ്യാലയമാണ് മേമുണ്ട എച്ച്.എസ്.എസ്. ഒരു പ്രാദേശത്തെ ജനതയുടെ സാമൂഹികവും സാസ്കാരികവുമായ ജീവിതത്തിൽ വിഴിനീളെ നന്മയുടെ തെളിച്ചമേകിയ ഈ വിദ്യാലയം ശ്രദ്ധേയവും സവിശേഷവുമായ പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇടം നേടുകയുണ്ടായി. ചിറവട്ടം എൽ.പി സ്കൂൾ എന്ന പേരിൽ ഒരു സ്വകാര്യ മാനേജ്മെന്റിന് കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ ജനകീയ കമ്മിറ്റിക്ക് കൈമാറുകയും അതോടുകൂടി ഈ വിദ്യാലയം ഒരു നാടിന്റെ സ്വപ്നങ്ങളെയാകെ സാക്ഷാ ത്കരിക്കുന്നവിധത്തിൽ വളർച്ച പ്രാപിക്കുകയായിരുന്നു. ആരംഭകാലത്ത് നാമമാത്രമായ വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന (1950-1960 ആദ്യ എസ്.എസ്.എൽ.സി ബാച്ച്-27 കുട്ടി കൾ) ഈ സ്ഥാപനം ഇന്ന് ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എസ്.എസ്. എൽ.സി പരീക്ഷയ്ക്കിരുത്തുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്ന വിദ്യാല യമായി മാറി. എണ്ണത്തിലും ഗുണത്തിലും മികവ് പുലർത്തുന്ന മേമുണ്ട എച്ച്.എസ്.എസ് ഈ വർഷവും എസ്.എസ്.എൽ.സി ഫലം 863 പേരും വിജയിച്ച് 100 മേനി നേടുകയുണ്ടാ യി.

ഇന്ന് ഈ സ്ഥാപനത്തിൽ യു.പി വിഭാഗത്തിൽ 18 ക്ലാസുകളും എച്ച്.എസ് വിഭാഗ ത്തിൽ 60 ക്ലാസുകളും ഉള്ള ഒരു മഹത്തായ വിദ്യാലയമായി പരിണമിച്ചിട്ടുണ്ട്. 112 അധ്യാപ കരും ജീവനക്കാരും ഒറ്റക്കുടക്കീഴിൽ പ്രവർത്തിച്ച് പോരുന്നു. 6000 ൽ അധികം പുസ്തക ങ്ങൾ ഉള്ള ഒരു വിശാലമായ ലൈബ്രറിയും അത്യന്താധുനിക സജ്ജീകരണങ്ങളോട് കൂടിയ മൾട്ടിമീഡിയ റൂം, മൂന്ന് കമ്പ്യൂട്ടർ ലാബുകൾ, വിശാലമായ ശാസ്ത്രലാബുകൾ, സോഷ്യൽ സയൻസ് ലാബ്, ഗണിതലാബ്, ഐ.ടി ഇനേബിൾഡ് ക്ലാസ് റൂമുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. പരിമിതികൾ ഒട്ടനവധിയുണ്ടെങ്കിലും അവയെ വസ്തുതാപരമായി തിറിച്ചറിഞ്ഞ് സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി ഒരു നാടിന്റെയും വിദ്യാഭ്യാസപ്രവർത്തകരു ടെയും സ്വപ്നങ്ങൾക്ക് ചിറകു നൽകി അതിന്റെ പ്രയാണം അനവരതം തുടരുകയാണ്.

പുതിയ അധ്യയന വർഷത്തിൽ നാം (2025-2026) വിദ്യാലയത്തിലെ ഓരോ കുട്ടിയു ടെയും പഠന പുരോഗതിയും സമഗ്രമായ വികാസവുമാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി സാമൂഹികബോധമുള്ള ഒരു

തലമുറയെ വാർത്തെടുക്കുക എന്ന കേരള സർക്കാറിന്റെ ലക്ഷ്യസാക്ഷാത്കാരത്തിന് പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി കണ്ട് അക്കാദമിക മികവിന്റെ കാര്യത്തിൽ നമ്മുടെ സ്കൂൾ കുറേ കൂടി മുന്നേറേണ്ടതുണ്ട്. കുട്ടികളുടെ സമഗ്രവികാസ-ശാരീരിക, ഭൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക-മാണ് നാം ലക്ഷ്യംവെയ്ക്കുന്നത്. അറിവുണ്ടാവുകയും എന്നാൽ തിരിച്ചറിവില്ലാതിരിക്കുകയും ചെയ്യുന്ന പരമ്പരാഗത വിദ്യാഭ്യാസ പരിമിതിയെ നാം മറികടന്ന് മാനവികതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷതയുടെയും ജനാധിപത്യബോധത്തിന്റെയും പ്രകാശത്തിലേക്ക് കുട്ടിയെ കൈപിടിച്ച് നടത്താൻ കഴിയേണ്ടതുണ്ട്. പഠനം കേവലം പരീക്ഷാ കേന്ദ്രിതമാവാതെ അറിവിനെ ജീവിതവുമായി ബന്ധിപ്പിച്ച് ആവശ്യാനുസരണം പ്രയോഗിക്കാനുള്ള കഴിവുണ്ടാക്കുന്ന വിധത്തിലേക്ക് പരിണമിപ്പിക്കണം. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സമഗ്രഗുണമേന്മ വിദ്യാഭ്യാസം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നമുക്ക് നടപ്പാക്കേണ്ടതുണ്ട്. പുതിയ അധ്യയന വർഷത്തിൽ അക്കാദമിക മികവിനായി നാം ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

## അക്കാദമിക മികവിനായി നാം ഏറ്റെടുത്ത് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ

***വികസനലക്ഷ്യം***

1. കുട്ടികളുടെ വിവിധ ശേഷികളുടെ തിരിച്ചറിവ്
2. ഭാഷാശേഷി വികസനം-മലയാളം, അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി
3. ഇംഗ്ലീഷ് ഭാഷ അനായാസമാക്കൽ
4. വായനാശേഷി മെച്ചപ്പെടുത്തൽ
5. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം
6. ഗണിതശേഷി വികാസം
7. ശാസ്ത്രഗവേഷണ പ്രോത്സാഹനം
8. ക്ലാസ്റൂം ലബോറട്ടറികൾക്ക് തുടക്കം
9. മറ്റ് ലാബുകളുടെ നവീകരണം
10. പ്രതിഭാപോഷണ പരിപാടികൾ
11. ലൈബ്രറി നവീകരണം
12. മത്സര പരീക്ഷകളുടെ പരിശീലനം
13. ദിനാചരണങ്ങൾ ഫലപ്രദമാക്കൽ
14. അധ്യാപക ശാക്തീകരണം
15. വിവധ മേളകളുടെ സംഘാടനം
16. കായികശേഷി വികസനം
17. സ്കൂൾതല പ്രസിദ്ധീകരണങ്ങൾ
18. കുട്ടികളുടെ പാർക്ക് രൂപീകരണം
19. പഠനയാത്രകളുടെ ആസൂത്രണം
20. മൂല്യനിർണ്ണയം-കാര്യക്ഷമത
21. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
22. വിവധ ക്യാമ്പുകൾ-സംഘാടനം
23. അധ്യാപക-രക്ഷാകർതൃബന്ധം സുദൃഢമാക്കൽ
24. സ്ട്രെസ്സ് മാനേജ്മെന്റ്

നമ്മുടെ വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികസനവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം മേൽപ്പറഞ്ഞ തലങ്ങളിൽ നടത്തേണ്ടതുണ്ട്. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്.അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും, ഓരോ കുട്ടിയുടെ സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുകയുള്ളൂ. അതിനാൽ നമ്മുടെ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നമുക്ക് സ്വയം സജ്ജമാകാൻ സഹായകമാകുന്ന അക്കാദമിക ചട്ടക്കൂട് കൂടിയാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല** : **അക്കാദമികം**

ഉപമേഖല : ശേഷി തിരിച്ചറിയൽ - പോഷണം

പ്രവർത്തനം 1 കുട്ടികളുടെ വിവിധ ഭാഷാ നൈപുണ്യം, ഗണിതം, (ഹിന്ദി, ഇംഗ്ലീഷ്, മലയാളം) എന്നിവയിലെ ശേഷി അളക്കൽ, പോഷണം

ലക്ഷ്യം : എല്ലാ കുട്ടികളുടെയും അവസ്ഥാപഠനം സാധ്യമാക്കൽ

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ അറിവ് പരിശോധിക്കാൻ ആവശ്യമായ ചോദ്യശേഖരം തയ്യാറാക്കൽ
- പരീക്ഷയുടെ നടത്തിപ്പിനാവശ്യമായ സജ്ജീകരണം
- മൂല്യനിർണ്ണയം നടത്തി പച്ച, ചുവപ്പ്, ഓറഞ്ച് കാറ്റഗറികളാക്കി വർഗ്ഗീകരണം

**കാലം**

ജൂൺ ആദ്യവാരം

**ചുതമല**

*SRG*,

വിഷയാധ്യാപകർ, പി.ടി.എ

**സാമ്പത്തികം**

5000/-

പി.ടി.എ

മാനേജ്മെന്റ്

**പ്രവർത്തനം 2**

കുട്ടികളുടെ ശേഷി വികസനം-പോഷണം

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും നിശ്ചിത ശേഷി ഉറപ്പുവരുത്തൽ

**പ്രവർത്തനങ്ങൾ**

- അവസ്ഥാ പഠനത്തിൽ വിവധ മേഖലകളിലെ കുട്ടികൾക്ക്

അനുഗുണമായ ക്ലാസുകൾ സംഘടിപ്പിക്കൽ

- പിന്നാക്കാവസ്ഥയിലെ കുട്ടികളെ ഭാഷ, ഗണിതം ശേഷികൾ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം) സ്വായത്തമാക്കാൻ ഉതകുന്ന ക്ലാസുകൾ.
- പഠന പുരോഗതി അളക്കൽ
- വിദഗ്ദരായ അധ്യാപകരെ പങ്കെടുപ്പിക്കൽ
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ

**കാലം**

ജൂൺ മാസം

രണ്ടാം വാരം മുതൽ മൂന്ന് മാസം

**ചുമതല**

ഭാഷാധ്യാപകർ

ഗണിതാധ്യാപകർ

മദർ പി.ടി.എ

**പിന്തുണ/**

**സാമ്പത്തികം**

10000/-

സ്പോൺസർഷിപ്പ്

മാനേജ്മെന്റ്

പി.ടി.എ

**മേഖല : അക്കാദമികം**

**ഉപമേഖല** : **മലയാളം**

**പ്രവർത്തനം 1** ഭാഷാശേഷി വർദ്ധിപ്പിക്കൽ

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക

**പ്രവർത്തനങ്ങൾ**

- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് 'സാധ്യം മലയാളം' പ്രോഗ്രാം
- അക്ഷരം, ചിഹ്നം, പദ നിർമ്മാണം, വാക്യ നിർമ്മാണം

**കാലം**

ജൂൺ, ജൂലൈ

അധിക ദിവസം, അധിക സമയം

**ചുമതല**

മലയാളം അധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം**

ഇല്ല.

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **മലയാളം**

**പ്രവർത്തനം 2** : ഭാഷാശേഷി വർദ്ധിപ്പിക്കൽ

**ലക്ഷ്യം**

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക

**പ്രവർത്തനങ്ങൾ**

- ക്ലാസ് തലത്തിൽ വായനക്കൂട്ടം രൂപീകരിക്കുക
- ക്ലാസ് ലൈബ്രറി നവീകരിക്കുക
- 'പുത്തനുണർവ് പുതുപുസ്തകത്തിലൂടെ' പദ്ധതി-വായനാനുഭവം പങ്കു വെക്കൽ ക്ലാസ്തലത്തിൽ
- സ്കൂൾ ലൈബ്രറി നവീകരിക്കൽ
- 'വായനോത്സവം 2025' സംഘടിപ്പിക്കുക

**കാലം:**

ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്നത്

**ചുമതല:**

വിദ്യാരംഗം സാഹിത്യവേദി

മലയാളം അധ്യാപകർ

*SRG*

ക്ലാസ് ടീച്ചർമാർ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **മലയാളം**

**പ്രവർത്തനം 3** : സർഗ്ഗശേഷി വികാസം

**ലക്ഷ്യം**

കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്തൽ , വികസിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

- വായനാനുഭവം പങ്കുവെയ്ക്കൽ
- സാഹിത്യക്വിസ്
- രചനാശില്പശാല
- സ്കൂൾതല പത്രം
- സാഹിത്യകാരൻമാരുമായുള്ള സംവാദങ്ങൾ

**കാലം**

ജൂൺ 19 മുതൽ പ്രതിമാസം ഒരു പരിപാടി

**ചുമതല**

മലയാളം അധ്യാപകർ

വിദ്യാരംഗം കലാസാഹിത്യവേദി

*SRG*

**പിന്തുണ/**

**സാമ്പത്തികം**

30000/-

പരസ്യങ്ങളിലൂടെ

പി.ടി.എ

അധ്യാപകർ

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **മലയാളം**

**പ്രവർത്തനം 3** : വാക്ക്, വര, വായന

'സാഹിത്യോത്സവം '25'

**ലക്ഷ്യം**

എഴുത്തുകാരെയും പുസ്തകങ്ങളെയും പരിചയപ്പെടൽ

**പ്രവർത്തനങ്ങൾ**

- പുസ്തകോത്സവം 2025
- ഓരോ എഴുത്തുകാർക്കും ഓരോ ക്ലാസ
- വായന, വര, സാഹിത്യകൃതികളെ പരിചയപ്പെടുത്തൽ
- ചിത്രകാരന്മാരെ പങ്കെടുപ്പിച്ച് നോവൽ വരകൾ സംഘടിപ്പിക്കുക
- ആകർഷകമായ വരകൾ വായനകൾ സാധ്യമാക്കൽ
- ക്യാൻവാസിലെ വരകൾ ഫ്രെയിം ചെയ്ത് സ്കൂൾ ചുമർ അലങ്കരിക്കൽ

**കാലം**

ജൂൺ മുതൽ ജൂലൈ 5 വരെ

**ചുമതല**

മലയാളം അധ്യാപകർ

സ്കൂൾ ലൈബ്രറി കമ്മറ്റി

വിദ്യാരംഗം കലാസാഹിത്യ വേദി

*SRG*

**പിന്തുണ/**

**സാമ്പത്തികം**

20000/-

പി.ടി.എ

അധ്യാപകർ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഇംഗ്ലീഷ്**

**പ്രവർത്തനം 1** : ഇംഗ്ലീഷ് ഭാഷ അനായാസമാക്കൽ

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക
- ഇംഗ്ലീഷ് പുസ്തങ്ങൾ ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി സജീവമാക്കുക
- ഇംഗ്ലീഷ് പിരീഡിൽ ഇംഗ്ലീഷ് മാത്രം ഉപയോഗിച്ച് ആശയ വിനിമയം നടത്തുക
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഡയറി
- ഇംഗ്ലീഷ് പത്രവായന, ഡിബേറ്റ്, സെമിനാർ എന്നിവ സംഘടിപ്പിക്കുക.(ആഴ്ചയിൽ 1 ദിവസം)
  - ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക (വർഷത്തിൽ ഒരു തവണ)

വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിപാടിയായി ചിട്ടപ്പെടുത്തുക

**ചുമതല**

ഇംഗ്ലീഷ് ഭാഷാധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം**

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഇംഗ്ലീഷ്.**

**പ്രവർത്തനം** 2 ഇംഗ്ലീഷ് വർക്ഷോപ്പ് 2025

**ലക്ഷ്യം** : ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികാസം

**പ്രവർത്തനങ്ങൾ**

- ക്യാമ്പുകൾ സംഘടിപ്പിക്കൽ
- ബ്ലോഗുകൾ നിർമ്മിക്കൽ
- ഇഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ
- പ്രസംഗ പരിശീലന പരിപാടി
- poem Recitation
- കഥ കവിത എഴുത്ത് പരിശീലനം- ഉത്പന്നങ്ങൾ
- പ്രസിദ്ധീകരിക്കൽ
- പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ (സ്കിറ്റ്, നാടകം, സംഭാഷണം) മാറ്റി അവതരിപ്പിക്കുക.

**കാലം**

മൂന്ന് മാസത്തിൽ ഒരിക്കൽ.

**ചുമതല**

ഇംഗ്ലീഷ് ഭാഷാധ്യാപകർ

ഇംഗ്ലീഷ് ക്ലബ്ബ്

*SRG*

**പിന്തുണ/**

**സാമ്പത്തികം**

10000

*PTA*

മാനേജ്മെന്റ്

അധ്യാപകസമാജം

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഇംഗ്ലീഷ്**

**പ്രവർത്തനം 3** *Let us Talk*

**ലക്ഷ്യം** : ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാൻ ശേഷി നേടുക.

**പ്രവർത്തനങ്ങൾ**

- വിവിധ ക്യാമ്പുകളുടെ പ്രവർത്തനം
- ഇംഗ്ലീഷിൽ മാത്രം സംസാരിക്കുക.
- 'നേറ്റീവ് ഇംഗ്ലീഷ്' *Interaction with Native Speaker*
- പതിപ്പുകൾ നിർമ്മാണം
- *Thought of the Day programme*

**കാലം**

ജൂൺ മുതൽ

ഒരു വർഷം

**ചുമതല**

ഇഗ്ലീഷ് ഭാഷാധ്യാപകർ

ഇംഗ്ലീഷ് ക്ലബ്

*SRG*

**പിന്തുണ / സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഹിന്ദി.**

**പ്രവർത്തനം 1** ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യൽ

**ലക്ഷ്യം** : എല്ലാ കുട്ടികളെയും ഹിന്ദിഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ**

- അവസ്ഥാപഠനത്തിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- ശില്പശാലകൾ സംഘടിപ്പിക്കുക
- മാഗസിൻ നിർമ്മാണം.

**കാലം**

ജൂൺ ആദ്യവാരം

ജൂലൈ

**ചുമതല**

ഹിന്ദി ക്ലബ്

ഹിന്ദി അധ്യാപകർ

*S RG*

**പിന്തുണ/ സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഹിന്ദി.**

**പ്രവർത്തനം 2**

**ലക്ഷ്യം** : ഹിന്ദി ഭാഷ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഓരോ ദിവസവും ഒരു പുതിയ വാക്ക്
- ചുമർ പത്രിക തയ്യാറാക്കൽ
- കയ്യെഴുത്ത് പതിപ്പുകൾ
- സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഹിന്ദി പോസ്റ്റർ നിർമ്മാണം

**കാലം**

വർഷം മുഴുവൻ

**ചുമതല**

ഹിന്ദി ഭാഷാധ്യാപകർ

ഹിന്ദി ക്ലബ്

*SRG*

**പിന്തുണ / സാമ്പത്തികം.**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഹിന്ദി**

**പ്രവർത്തനം 3**

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്ന വിധത്തിൽ സർഗ്ഗശേഷിയെ പോഷിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

- ഹിന്ദി ഗാനങ്ങൽ പരിചയപ്പെടൽ, അർത്ഥവിശകലനം
- ഹിന്ദി സിനിമാ ചർച്ചകൾ
- ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ
- $ICT$ സാധ്യത ഉപയോഗപ്പെടുത്തി ടൈപ്പ് ചെയ്യൽ
- ഡിജിറ്റൽ മാഗസിൻ നിർമ്മാണം.
- ഹിന്ദി സമാജം

**കാലം**

വർഷാവസാനം വരെ

**ചുമതല**

ഹിന്ദി ഭാഷാധ്യാപകർ

ഹിന്ദി ക്ലബ്

$SRG$

**പിന്തുണ / സാമ്പത്തികം-**

$Nil$

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **അറബിക്ക്**

**പ്രവർത്തനം 1**

**ലക്ഷ്യം** : കുട്ടികൾ അറബിക്ക് ഭാഷയിൽ എഴുതാനും വായിക്കാനും പ്രോത്സാഹിപ്പിക്കുക. വായനാശീലം വളർത്തുക.

**പ്രവർത്തനങ്ങൾ**

- അറബിക്ക് പുസ്തകങ്ങൾ
- ക്ലാസ് ലൈബ്രറികളിൽ ഉൾപ്പെടുത്തുക.
- വായനാമൂല സജീവമാക്കൽ

**കാലം**

ജൂൺ മുതൽ

**ചുമതല**

അറബിഭാഷാധ്യാപകർ

*SRG*

**പിന്തുണ / സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **അറബിക്ക്**

**പ്രവർത്തനം 2**

**ലക്ഷ്യം** : അറബി അനായാസം എഴുതാനും വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. ഭാഷാശേഷി വികസിപ്പിക്കുക, സർഗ്ഗവാസനകളുടെ പോഷണം

**പ്രവർത്തനങ്ങൾ**

- മുന്നറിവ് പരിശോധന
- നിഘണ്ടു പരിചയം
- ക്ലാസ്തല വായനാ മത്സരങ്ങൾ
- അറബിക്ക് സാഹിത്യ സമാജം
- അറബിക് കലാസാഹിത്യ മത്സരങ്ങളുടെ പരിശീലനം.
- അറബിക് ഫെസ്റ്റ് സംഘടിപ്പിക്കൽ
- ദിനാചരണങ്ങൾ

**കാലം**

വർഷാരംഭം മുതൽ അവസാനം വരെ

**ചുമതല**

അറബിക് ക്ലബ്ബ്

*SRG*

**പിന്തുണ/സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഉറുദു**

**പ്രവർത്തനം 1**

**ലക്ഷ്യം** : ലോകഭാഷ എന്ന നിലയിൽ ഉറുദു ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

- മുന്നറിവ് പരിശോധന
- പിന്നാക്കക്കാരെ കണ്ടെത്തി പരിപോഷണം ചെയ്യൽ - വായനാ കാർഡ്
- ക്ലാസ്സ്റൂം ലൈബ്രറി രൂപീകരിക്കൽ
- വായനമത്സരം സംഘടിപ്പിക്കൽ

**കാലം**

ജൂൺ ആദ്യവാരം മുതൽ വർഷാവസാനം വരെ

**ചുമതല**

ഉറുദു ഭാഷാധ്യാപിക

*SRG*

**പിന്തുണ /**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഉറുദ്**

**പ്രവർത്തനം 2**

**ലക്ഷ്യം** : ഉറുദു ഭാഷാ വ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- കൈയെഴുത്ത് മത്സരം
- ചുമർ പത്രിക ഒരുക്കൽ
- ക്ലാസ്സ് പതിപ്പുകളുടെ നിർമ്മാണം

**കാലം**

ജൂൺ മുതൽ വർഷാവസാനം വരെ

**ചുമതല**

ഉറുദു ഭാഷാധ്യാപിക

**പിന്തുണ /**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഉറുദ്**

**പ്രവർത്തനം 3**

**ലക്ഷ്യം**

കുട്ടികൾക്ക് ഉറുദു കല, സാഹിത്യം എന്നിവയെ ആസ്വാദകരമാക്കൽ, സർഗ്ഗശേഷിയുടെ വികാസം - സ്കൂൾ കലോത്സവത്തിന് മത്സര ഇനങ്ങലിൽ സജ്ജരാക്കൽ

പ്രവർത്തനങ്ങൾ

- ഉർദു ഗസൽ പരിചയപ്പെടുത്തൽ അർത്ഥം വിശകലനം
- ഉർദു കലാസാഹിത്യ അവതരണങ്ങൾ
- വായനാനുഭം പങ്ക്വെയ്ക്കൽ
- പതിപ്പുകൾ നിർമ്മിക്കൽ
- ഉർദു ടൈപ്പിംങ്ങ് പരിശീലനം-ഡിജിറ്റൽ ആൽബം നിർമ്മിക്കൽ

**കാലം**

വർഷാവസാനം വരെ

**ചുമതല**

ഉറുദു ഭാഷാധ്യാപിക

**പിന്തുണ / സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സോഷ്യൽ സയൻസ്.**

സാമൂഹ്യ ശാസ്ത്രം

**പ്രവർത്തനം 1**

**ലക്ഷ്യം** : കുട്ടികളെ ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ സജ്ജമാക്കുക

**പ്രവർത്തനങ്ങൾ**

- സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനം
- ക്ലാസ് തല- സ്കൂൾതല തെരെഞ്ഞെടുപ്പുകൾ
- സെമിനാർ ,ചർച്ചകൾ, സംവാദം - സംഘാടനം

**കാലം**

യഥാകാലങ്ങളിൽ

**ചുമതല**

സാമൂഹ്യശാസ്ത്ര ക്ലബ്

സാമൂഹ്യശാസ്ത്ര അധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സാമൂഹ്യശാസ്ത്രം**

**പ്രവർത്തനം 2**

**ലക്ഷ്യം** : ഇന്ത്യയുടെ സാംസ്കാരികമായ വൈവിധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും, ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്രപഠനം രസകരമാക്കാനും

**പ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിനും ഓരോ സംസ്ഥാനം- അതിന്റെ വൈവിധ്യങ്ങൾ ദൃശ്യവത്കരണം, ചാർട്ടുകൾ, പതിപ്പുകൾ, മോഡലുകൾ
- വിലയിരുത്തൽ
- ചിത്രീകരണം - ഡിജിറ്റൽ ആൽബ നിർമ്മാണം
- പഠനയാത്രകൾ - ചരിത്ര പ്രാധാന്യമുള്ളതും പഠനവിഷയവുമായി ബന്ധപ്പെട്ട യാത്രകൾ സംഘടിപ്പിക്കൽ

**കാലം**

യഥാസമയം

**ചുമതല**

സാമൂഹ്യ ശാസ്ത്ര ക്ലബ്

സാമൂഹ്യ ശാസ്ത്ര അധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം** :

രകാഷാകർത്താക്കൾ

മാനേജ്മെന്റ്

പൂർവ്വവിദ്യാർത്ഥികൾ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സാമൂഹിക ശാസ്ത്രം**

**പ്രവർത്തനം 3**

**ലക്ഷ്യം** : കുട്ടികളെ സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ട് ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തമാക്കുക

**പ്രവർത്തനങ്ങൾ**

- ദിനാചരണപ്രവർത്തനങ്ങൾ
- സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് ചർച്ച, സംവാദം, സെമിനാർ എന്നിവയുടെ സംഘാടനം

**കാലം**

യഥാസമയം

**ചുമതല**

സാമൂഹ്യശാസ്ത്ര ക്ലബ്

*SRG*

**പിന്തുണ/**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സാമൂഹ്യശാസ്ത്രം**

**പ്രവർത്തനം 4**

**ലക്ഷ്യം** : കുട്ടികളെ പ്രാദേശിക തലം മുതൽ ജനജീവിതത്തിന്റെ സമസ്തമേഖലകളിലും കടന്ന് ചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ, ചിത്രരചനയിലും, മാപ്പിംങ്ങിലും വൈദഗ്ദ്യം സൃഷ്ടിക്കൽ

**പ്രവർത്തനങ്ങൾ**

- പ്രാദേശിക ചരിത്രരചനയും മാപ്പിംങ്ങും
- പഞ്ചായത്ത് ഭൂപടനിർമ്മാണം
- ചരിത്രസംഭവങ്ങളുടെ കാലഗണന തയ്യാറാക്കുക
- മേളകൾക്കുള്ള തയ്യാറെടുപ്പുകൾ

**കാലം**

യഥാസമയം

ചുമതല

സാമൂഹ്യശാസ്ത്ര ക്ലബ്

*SRG*

**പിന്തുണ/**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശാസ്ത്രം**

**പ്രവർത്തനം 1** ശാസ്ത്രലാബ് നവീകരണം

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ശാസ്ത്രഗവേഷണ മനോഭാവം വളർത്താൻ ഉതകുന്ന ലാബ് സൗകര്യം ഒരുക്കുക

**പ്രവർത്തനങ്ങൾ**

- സ്കൂളിൽ നിലവിലുള്ള ലാബിന്റെ നവീകരണം
- കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണങ്ങൾ ലാബിൽ വെച്ച് നടത്താൻ ഉതകുന്ന വിധത്തിൽ ലാബ് ക്രമീകരിക്കൽ
- ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തൽ
- മൊബൈൽ ലാബ് കിറ്റ്

**കാലം**

ജൂൺ മാസം

**ചുമതല**

*SRG*

*Head Master*

മാനേജ്മെന്റ്

**പിന്തുണ/**

**സാമ്പത്തികം**

2,00000/

മാനേജ്മെന്റ്

*Head Master*

പി.ടി.എ

അധ്യാപകർ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശാസ്ത്രം**

**പ്രവർത്തനം 2** 'ശാസ്ത്രോത്സവം 2025'

**ലക്ഷ്യം** : കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ ശാസ്ത്ര പഠനം രസകരമാക്കൽ

**പ്രവർത്തനങ്ങൾ**

- സ്കൂൾ ശാസ്ത്രമേള
- ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല
- ലഘുപരീക്ഷണങ്ങൾ
- മോഡൽ നിർമ്മാണം
- ശാസ്ത്ര ക്വിസ്
- ശാസ്ത്ര മാജിക്
- ബയോഗ്യാസ് പ്ലാന്റ്
- സയൻസ് ക്ലബ്

**കാലം**

ആഗസ്ത് മാസം

**ചുമതല**

സയൻസ് ക്ലബ്

സയൻസ് അധ്യാപകർ

**പിന്തുണ/**

**സാമ്പത്തികം**

5,000/-

*PTA*

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശാസ്ത്രം**

**പ്രവർത്തനം 3** 'അറിഞ്ഞിരിക്കേണ്ട 10 പരീക്ഷണങ്ങൾ'

**ലക്ഷ്യം** : ശാസ്ത്രം പ്രവർത്തനമാണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്താനും ശാസ്ത്ര വിസ്മയങ്ങൾ അറിയാനും

**പ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിലും ഓരോ മാസം ഒരു പരീക്ഷണം
- പ്രതിഭകൾക്ക് പ്രത്യേക പരീശീലനം
- ശാസ്ത്രവിദഗ്ദരുടെ അഭിമുഖം
- ശാസ്ത്രകേന്ദ്രങ്ങൾ സന്ദർശനം

**കാലം**

യഥാസമയം വർഷാവസാനം വരെ

**ചുമതല**

ശാസ്ത്ര അധ്യാപകർ

*SRG*

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശാസ്ത്രം**

**പ്രവർത്തനം 4**

**ലക്ഷ്യം** : എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തൽ

**പ്രവർത്തനങ്ങൾ**

- ക്ലബ് പ്രവർത്തനം സജീവമാക്കൽ
- ശാസ്ത്ര ദിനാചരണങ്ങൾ കാര്യക്ഷമമായി നടപ്പാക്കൽ
- ശാസ്ത്ര പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ
- പഠനയാത്രകൾ

**കാലം**

ജൂൺ മാസം മുതൽ വർഷാവസാനം വരെ

**ചുമതല**

ശാസ്ത്ര അധ്യാപകർ

എസ്.ആർ.ജി

**പിന്തുണ/**

**സാമ്പത്തികം**

പി.ടി.എ

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഗണിതം**

**പ്രവർത്തനം 1** അടിസ്ഥാന ഗണിത ക്രിയകൾ

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ക്രിയകൾ സ്വായത്തമാക്കൽ

**പ്രവർത്തനങ്ങൾ**

- അവസ്ഥാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ക്ലാസുകൾ
- ഗണിത ശില്പശാല
- ക്ലാസ്തലത്തിൽ ഗണിത മാഗസിൻ നിർമ്മാണം

**കാലം**

ജൂൺ രണ്ടാം വാരം മുതൽ

**ചുമതല**

ഗണിത ക്ലബ്,

ഗണിത അധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം**

പി.ടി.എ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഗണിതം**

**പ്രവർത്തനം 2**

**ലക്ഷ്യം** : കുട്ടികളിൽ ഗണിതാഭിരുചി വളർത്തൽ

**പ്രവർത്തനങ്ങൾ**

- ഗണിത പാർക്ക്
- ഗണിത ലാബ് നവീകരണം
- ഗണിതത്തിലെ $ICT$ സാധ്യതകൾ
- ഗണിത ശാസ്ത്രമേള - പരിശീലനം

**കാലം**

യഥാസമയങ്ങളിൽ

**ചുമതല**

ഗണിത ശാസ്ത്രാധ്യാപകർ

$SRG$

ഗണിത ശാസ്ത്ര ക്ലബ്

**പിന്തുണ/**

**സാമ്പത്തികം**

ഇല്ല

**മേഖല** : **അക്കാദമികം**

**ഉപമേഖല** : കല (ചിത്രം, സംഗീതം)

**പ്രവർത്തനം 1**

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ചിത്രകല, സംഗീതകല മുതലായവയുടെ പോഷണം, പരിശാീലനം

**പ്രവർത്തനങ്ങൾ**

- പ്രത്യേകം മുറികൾ (മ്യൂസിക് റൂം, ആർട്ട് റൂം) സജ്ജമാക്കി സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കൽ
- ശില്പശാല സംഘടിപ്പിക്കുക
- പ്രശസ്ത ചിത്രകാരൻമാരെയും സംഗീതജ്ഞരെയും പങ്കെടുപ്പിച്ച് ക്യാമ്പുകൾ
- ക്ലബിന്റെ പ്രവർത്തനം
- സ്കൂൾ മേളയ്ക്ക് പരിശീലനം

**കാലം**

ജൂൺ 1 മുതൽ വർഷാവസാനം വരെ

**ചുമതല**

ചിത്രകല

സംഗീത അധ്യാപകർ

*Arts Club*

**പിന്തുണ/**

**സാമ്പത്തികം**

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ശുചിത്വം, സൗന്ദര്യവത്കരണം**

**പ്രവർത്തനം 1**

**ലക്ഷ്യം** : സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തൽ, പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ, സർഗ്ഗാത്മക പോഷണം

**പ്രവർത്തനങ്ങൾ**

- ക്ലാസ് റൂം ചുമരുകൾ ഭംഗിപ്പെടുത്തൽ
- ക്ലാസ് റൂമിൽ 3 വേസ്റ്റ് ബിന്നുകൾ
- ടേബിൾ ക്ലോത്ത്, ഇന്റീരിയൽ പ്ലാന്റുകൾ
- ചുവരുകളിൽ ബുള്ളറ്റ് ബോർഡ്
- ചിത്രകലാ ക്ലബുമായി സഹകരിച്ച് ചിത്രങ്ങൾ ഫ്രയിം ചെയ്ത് സ്കൂൾ വരാന്തകളിലും മറ്റും തൂക്കുക

**കാലം**

ജൂൺ മുതൽ

**ചുമതല**

ശുചിത്വ കമ്മറ്റി

ചിത്രകലാ അധ്യാപകർ

**പിന്തുണ/**

**സാമ്പത്തികം**

*PTA*

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ആരോഗ്യ കായിക വിദ്യാഭ്യാസം**

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പുവരുത്തി ഹെൽത്ത് കാർഡ് നൽകുക

**പ്രവർത്തനങ്ങൾ**

- എല്ലാ കുട്ടികൾക്കും കായികക്ഷമത പരിശോധിച്ച് (തൂക്കം, നീളം, നെഞ്ചളവ്) കാർഡിൽ രേഖപ്പെടുത്തൽ
- എല്ലാവർക്കും ബേസിക്ക് എക്സർസൈസ്
- സ്പോർട്സിൽ ആഭിമുഖ്യം വർദ്ധിപ്പിക്കാൻ പ്രദർശന മത്സരങ്ങൾ സംഘടിപ്പിക്കുക

**കാലം**

ജൂൺ, ജൂലൈ, ആഗസ്ത് (3 മാസം)

**ചുമതല**

സ്പോർട്സ് കമ്മറ്റി

കായിക അധ്യാപകർ

**പിന്തുണ/**

**സാമ്പത്തികം**

10,000/-

*PTA*

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **പ്രവൃത്തിപരിചയം**

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ഭാഷ-മാനവിക-ശാത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക.

സ്കൂൾ ക്രാഫ്റ്റ്മേള-

**പ്രവർത്തനങ്ങൾ**

- കുട്ടികളിലെ ശേഷി കണ്ടുപിടിക്കൽ പരിശീലനം
- ശില്പശാല
- കുട, ഫയൽ (പേപ്പർ), ചോക്ക്, ചന്ദനത്തിരി, പേപ്പർബാഗ് നിർമ്മാണം - പ്രദർശനവും വിൽപനയും
- സ്കൂൾ ക്രാഫ്റ്റ് മേള

**കാലം**

വർഷാന്ത്യംവരെ

**ചുമതല**

പ്രവൃത്തി പരിചയ ക്ലബ്

കലാധ്യാപകർ

*SRG*

**പിന്തുണ/**

**സാമ്പത്തികം**

15,000/-

*PTA*

മാനേജ്മെന്റ്

**മേഖല** : **അക്കാദമികേതരം**

**ഉപമേഖല** : **വിവിധ മേളകൾ**

**ലക്ഷ്യം** : സ്കൂളിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന വിധത്തിൽ സ്കൂൾതല മേളകൾ നടത്തുക

**പ്രവർത്തനങ്ങൾ**

- ക്ലാസുകളിൽ കുട്ടികളെ ജൂൺമാസം മുതൽ 4 അടിസ്ഥാന ഗ്രൂപ്പുകളാക്കുക
- ഗണിതം, ശാസ്ത്രം, സാമൂഹ്യം, ശാസ്ത്രം, ഐ.ടി, പ്രവൃത്തിപരിചയം എന്നീ മേളകൾ

**കാലം**

യഥാസമയം

**ചുമതല**

ബന്ധപ്പെട്ട ചുമതലയുള്ള അധ്യാപകർ

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഐ.ടി**

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും ഐ.ടി പഠനം കാര്യക്ഷമമാക്കൽ

**പ്രവർത്തനങ്ങൾ**

- സ്കൂൾ ഐ.ടി ലാബ് നവീകരണം
- ഐ.ടി പ്രാക്ടിക്കൽ റിക്കോർഡ് സ്കൂൾ ഡിസൈൻ ചെയ്ത് അച്ചടിച്ച് നൽകൽ
- എല്ലാ ക്ലാസിലും ഐ.സി.ടി സാധ്യതകൾ (പ്രൊജക്ടർ, ലാപ്ടോപ്പ്) സൗകര്യപ്പെടുത്തുക

**കാലം**

യഥാസമയം

**ചുമതല**

*SITC*

ലിറ്റിൽകൈറ്റ്

*SRG*

**പിന്തുണ/**

**സാമ്പത്തികം**

10,0000/-

*PTA*

മാനേജ്മെന്റ്

പൂർവ്വ വിദ്യാർത്ഥി സംഘടന

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സ്കോളർഷിപ്പ് പരിശീലനം**

**ലക്ഷ്യം** : മത്സര പരീക്ഷയ്ക്ക് ഒരുക്കൽ

**പ്രവർത്തനങ്ങൾ**

- എൻ.എം.എം.എസ്, യു.എസ്.എസ്, എം.ടി.എസ് എന്നീ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി പരിശീലനം നൽകൽ
- ശില്പശാലകൾ
- മാതൃകാപരീക്ഷകൾ
- മൂല്യനിർണ്ണയം

**കാലം**

ആഗസ്ത് മാസത്തിന് ശേഷം തുടർന്നുള്ള മാസങ്ങളിൽ

**ചുമതല**

ബന്ധപ്പെട്ട അധ്യാപകർ

$SRG$

**പിന്തുണ/**

**സാമ്പത്തികം**

50,000/-

$PTA$

മാനേജ്മെന്റ്

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **സപ്ലിമെന്റ് പ്രസിദ്ധീകരണം**

**ലക്ഷ്യം** : സ്കൂളിന്റെ നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കൽ

**പ്രവർത്തനങ്ങൾ**

സബ്ജില്ല, ജില്ല, സംസ്ഥാനതലം എന്നിങ്ങനെ 3 ഘട്ടങ്ങളിൽ ആയി അച്ചടിച്ച സപ്ലിമെന്റ് പുറത്തിറക്കുക

ഡിജിറ്റൽ മാഗസിൻ

**കാലം**

മേളകൾ കഴിയുന്ന മുറയ്ക്ക്

**ചുമതല**

പബ്ലിസിറ്റി കമ്മറ്റി

ബന്ധപ്പെട്ട അധ്യാപകർ

**പിന്തുണ/**

**സാമ്പത്തികം**

10,0000/-

പരസ്യം

സംഭാവന